"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ്- കോഴിക്കോട് ജില്ലയിലെ കീഴൂർ എ യു പി സ്കൂളിലെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ് സി)വകുപ്പ്**

G.O.(Rt)No.5762/2022/GEDN തീയതി,തിരുവനന്തപുരം, 06-10-2022

---

പരാമർശം:- 1. കീഴൂർ എ യു പി സ്കൂളിലെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ തീയതിയിലെ 23/05/2022 ലെ ആർ എ4/489330/2022/ഡി ജി ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ കീഴൂർ എ യു പി സ്കൂളിലെ മാനേജർ പരാമർശം 1 പ്രകാരം ഒരു റിവിഷൻ ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. ഒന്നു മുതൽ 7 വരെ ക്ലാസ്സുകളോടെ പ്രവർത്തിച്ചു വരുന്ന ടി സ്കൂളിൽ 2011-12 വർഷം വരെ മതിയായ എണ്ണം കുട്ടികളോടെ എൽ പി വിഭാഗത്തിൽ മാത്രമായിരുന്നു അറബിക് തസ്തിക അനുവദിച്ചിരുന്നതെന്നും 2012-13 ൽ എൽ പി വിഭാഗത്തിലെ മതിയായ എണ്ണം കുട്ടികളോടൊപ്പം 54 വിദ്യാർത്ഥികൾ അറബി പഠിക്കാൻ തയ്യാറായതിനെത്തുടർന്ന് യു പി വിഭാഗത്തിൽ 8 ഉൾപ്പെടെ മൊത്തം 24 പീരീഡുകൾ അറബി പഠിക്കാൻ ലഭ്യമായിരുന്നു. അതിനാൽ യു പി വിഭാഗത്തിൽ പുതിയ തസ്തിക അനുവദിച്ചു കിട്ടുമെന്നതിനാലും, എൽ പി വിഭാഗത്തിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ ഇ കെ മുഹമ്മദിന് യു പി വിഭാഗത്തിൽ ജോലി ചെയ്യുവാൻ മതിയായ അടിസ്ഥാന യോഗ്യത ഇല്ലാതിരുന്നതിനാലും, യു പി വിഭാഗത്തിൽ ജോലി ചെയ്യാൻ മതിയായ യോഗ്യതയുള്ള ശ്രീമതി. ആരിഫയെ 04/06/2012 മുതൽ ഫുൾ ടൈം അധ്യാപികയായി നിയമിച്ചു. എന്നാൽ 2012-13 ലെ തസ്തിക നിർണ്ണ ഉത്തരവ് പ്രകാരം എൽ പി വിഭാഗത്തിലാണ് തസ്തിക അനുവദിച്ചത്. ആയതിനാൽ ആരിഫയ്ക്ക് തസ്തിക ലഭ്യമല്ലാതെ വന്നു. യു പി വിഭാഗത്തിൽ 2012-13 വർഷം അർഹമായ അറബിക് തസ്തിക അനുവദിക്കണമെന്നും അതു വഴി ശ്രീമതി. ആരിഫ.പി.പി. യ്ക്ക് നിയമനാംഗീകാരം നൽകണമെന്നുമാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

3. 2012-2013 വർഷത്തിൽ അറബിക്കിന് യു.പി വിഭാഗം ഉൾപ്പെടെ 24 പീരീഡുകൾ ലഭ്യമായതിനാൽ ഒരു ഫുൾടൈം അറബിക് തസ്തിക അനുവദിച്ചിട്ടുണ്ടെന്നും, അഞ്ചാം തരത്തിൽ പുതുതായി ആരംഭിച്ച രണ്ട് ഡിവിഷനുകൾക്ക് 6 പീരീഡുകൾ കണക്കാക്കിയാൽ യു.പി വിഭാഗത്തിനായി തസ്തിക അനുവദിക്കാൻ കഴിയില്ലെന്ന് വിദ്യാഭ്യാസ ഓഫീസർമാർ അറിയിച്ചിട്ടുണ്ടെന്നും, എൽ.പി/ യു.പി വിഭാഗത്തിൽ ആകെ 124 കുട്ടികളും ആകെ 24 പീരീഡും ലഭ്യമാണ്. ആയതിന് ഒരു ഫുൾടൈം അറബിക് തസ്തിക അനുവദിച്ച ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ശരിയാണ്. യു.പി വിഭാഗത്തിന് മാത്രമായി രണ്ടാമത്തെ

തസ്തിക (അറബിക്) അനുവദനീയമല്ലാത്തതിനാൽ മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീൽ പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ചിരുന്നുവെന്നും പരാമർശം 2 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചിരുന്നു.

5. എൽ.പി/ യു.പി വിഭാഗത്തിൽ ആകെ 124 കുട്ടികളും ആകെ 24 പീരീഡും ലഭ്യമാണ്. ആയതിന് ഒരു ഫുൾടൈം അറബിക് തസ്തിക അനുവദിച്ച ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ശരിയാണ്. യു.പി വിഭാഗത്തിന് മാത്രമായി രണ്ടാമത്തെ തസ്തിക (അറബിക്) അനുവദനീയമല്ലാത്തതിനാൽ മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീൽ പരിഗണനാർഹമല്ലെന്ന പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ക്രമപ്രകാരമാണ് എന്നും ബോധ്യപ്പെട്ടു.

മേൽ സാഹചര്യത്തിൽ കീഴൂർ എ യു പി സ്കൂളിലെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
UNDER SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

മാനേജർ, കീഴൂർ എയുപിഎസ്, പി ഒ കീഴൂർ, വഴി പയ്യോളി,
കോഴിക്കോട്-673 522

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ),തിരുവനന്തപുരം

വെബ് &ന്യൂ മീഡിയ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Mini.t.r.**
**Date: 06-10-2022 10:55:57**
സെക്ഷൻ ഓഫീസർ